പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5994 28/10/2011-ൽ മറുപടിയ്ക്ക്

പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്റർ റോഡിന്റെ നിർവ്വഹണ പുരോഗതി

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചുട്ടാട് ബസ് ടെർമിനൽ - പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്റർ റോഡിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;<br><br>(ബി) ഇതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) & (ബി)<br>ചുട്ടാട് ബസ് ടെർമിനൽ - പുതിയങ്ങാടി ഫിഷ് ലാന്റിംഗ് സെന്റർ റോഡിന് ജി.ഒ. (ആർ.റ്റി) 257/11/എഫ് & പി.ഡി തീയതി 1-03-2011 പ്രകാരം 46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചിക്കുന്ന അവസരത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ നിലവിൽ വന്നതുമൂലം ടെണ്ടർ നടപടിക്രമങ്ങൾ നീട്ടിവയ്ക്കുകയും ചെയ്തു. പിന്നീട് പി.ഡബ്ളിയു.ഡി ഷെഡ്യൂൾ നിരക്ക് 3/9/2011 മുതൽ പരിഷ്ക്കരിച്ച സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ സാങ്കേതികാനുമതി നൽകി എത്രയും വേഗം ദർഘാസ് ക്ഷണിക്കുന്നതാണ്. 2011 ഡിസംബർ മാസത്തോടുകൂടി നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.